പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1597 — 11.08.2017 ൽ മറുപടിക്ക്

**റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നത്**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് അടിയന്തര ഘട്ടത്തിൽ റോഡ് സുരക്ഷാഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളുടെ ശുപാർശകൾ ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ വഴി റോഡ് സുരക്ഷാ അതോറിറ്റിയിലേക്ക് അയയ്ക്കുകയാണ് ചെയ്യാറുള്ളത്. ഇവ പരിശോധിക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട് ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്യുന്ന പദ്ധതികൾക്ക് റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ അംഗീകാരത്തിന് വിധേയമായാണ് ഫണ്ട് അനുവദിക്കുന്നത്.17/10/2014-ൽ നടന്ന 22-ാം മത് അതോറിറ്റി യോഗം മുൻവർഷങ്ങളിൽ വകുപ്പുകൾക്കനുവദിച്ച തുകകളുടെ ധനവിനിയോഗപത്രം സമർപ്പിക്കുന്ന മുറയ്ക്ക് മാത്രം പുതുതായി ഫണ്ട് അനുവദിച്ചാൽ മതിയെന്ന് തീരുമാനമെടുത്തിരുന്നു. എന്നിരുന്നാലും പദ്ധതികളുടെ സ്വഭാവം കണക്കിലെടുത്തു തുടർ ഫണ്ട് അനുവദിച്ചു നൽകാറുണ്ട്. |
| (ബി) ചെങ്ങന്നൂർ - പന്തളം കെ.എസ്.ടി.പി. റോഡിൽ തുടർച്ചയായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് റോഡ് സുരക്ഷാ ഫണ്ടിൽ തുക അനുവദിക്കുന്നതിനായി ആലപ്പുഴ ആർ.ടി.ഒ. യിൽ നിന്നും 27.5.2017 ലെ G/1824/2017/A നമ്പർ ഫയലിൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ അംഗീകാരം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ആഞ്ഞിലിമൂട് ജംക്ഷനിൽ റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ ഒരുക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ അംഗീകരിച്ച് റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചതായുള്ള 16/03/17-ലെ കൗൺസിൽ യോഗത്തിന്റെ മിനിട്ട്സ് ആലപ്പുഴ ആർ.റ്റി.ഓ നൽകിയിരുന്നുവെങ്കിലും ഇതിന്റെ എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്തിരുന്നില്ല.ആയതിനാൽ ടി പ്രവർത്തിക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ വഴി സമർപ്പിക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് 05/08/17-ൽ ഇത് ലഭ്യമാക്കിയിട്ടുണ്ട് . |

| | | |
|---|---|---|
| (സി) | പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണർ എന്ന് അംഗീകാരം നൽകുമെന്ന് വ്യക്തമാക്കുമോ ? | (സി) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിന്റെ സെക്ഷൻ 13(ജി) അനുസരിച്ച് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഫണ്ട് വിനിയോഗിക്കുന്നതിന് അതോറിറ്റിയുടെ അംഗീകാരം ആവശ്യമാണ് . |

സെക്ഷൻ ഓഫീസർ